# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തക സമിതി യോഗംSWC 15/2020
# 14.03.2021 ഗൂഗിൾ മീറ്റ്

## മിനിട്സ്

**അജണ്ട**

1. സംസ്ഥാനസമ്മേളനം
2. 2020 വർഷത്തെ വരവ്-ചിലവ് കണക്ക് അംഗീകരിക്കൽ
3. മറ്റ് കാര്യങ്ങൾ

**ഹാജർ**

ഡോ. എം. സത്യൻ, ഡോ. എൻ. മനോജ്, ഡോ. ഗീത നമ്പിയാർ എം. കെ.,, ഡോ. രാജഷ്കുമാർ പി. ഡോ. വിനു ഭാസ്ക്കർ, സന്തോഷ് ടി. വർഗീസ്, ഡോ. മുഹമ്മദ് റഫീഖ്, ഡോ. ചന്ദ്രമോഹൻ കെ. ടി., ഡോ. പ്രിൻസ് പി. ആർ., ഡോ. സുനിൽ വി. ടി., ഡോ. മാണിക്യരാജ് കെ, സൗമ്യ എസ്, ഡോ. ഷജില ബീവി, ഡോ. സുനിത എ. പി., ഡോ. അലിക്കുട്ടി സി., ശശി സി. ടി., ഡോ. ബേബി ഷീബ, സജിത്ത് കുമാർ പി., സോബിൻ വർഗീസ് എം വി, രഘുദാസ് പി. വി., ഡോ. സഞ്ചയ്കുമാർ എസ്. എച്., ഡോ. ബാലസുബ്രഹ്മണ്യൻ വി, ഡോ. ജോജോമോൻ എൻ.എ., ഡോ. എം. എസ്. മുരളി, ഡോ. അനൂപ് ജെ. ആലക്കപ്പള്ളി, ഡോ. പ്രദീപ് കുമാർ, ഡോ. ആനന്ദ് ദിലീപ് രാജ്, ഡോ. ഗ്രേഷ്യസ് ജെ., ഡോ. എം. എ. അസ്കർ , ഡോ. വിഷ്ണു വി.എസ്., ഡോ. സുമിജോയി ഒലിയപ്പുറം, ജയരാജ് ജെ., ഡോ. റിജുലാൽ ജി., ഡോ. രാജു. എം. സി.

രാവിലെ 10.30ന് ഓൺലൈനായി ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. എം. സത്യൻ ആധ്യക്ഷം വഹിച്ചു. ജനറൽ സെക്രട്ടറി റിപ്പോർട്ടിങ് നടത്തി.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളെ കഴിഞ്ഞ സംസ്ഥാന പ്രവർത്തകസമിതി ചേർന്നത് 05-03-2020ന് ആയിരുന്നു. ഇപ്രാവശ്യത്തെ സംസ്ഥാന സമ്മേളനം തിരുവനന്തപുരത്ത് ഓഫ് ലൈൻ ആയും മറ്റു ജില്ലകളിൽ ഓൺലൈൻ ആളുമാണ് നടത്തുന്നത്. നമ്മളെ സംബന്ധിച്ചടുത്തോളം മുൻപരിചയം ഇല്ലാത്ത സമ്മേളന രീതിയാണിത്. അതിനാൽ ഇതിന്റെ നടത്തിപ്പിന് വേണ്ടി വലിയ ജാഗ്രതയും തയ്യാറെടുപ്പും നടത്തേണ്ടതുണ്ട്. അതിനാലാണ് ഇന്ന് ഇങ്ങനെയൊരു ഓൺലൈൻ യോഗം വിളിച്ചു ചേർക്കുകയുണ്ടായത്. ഇതിനു എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

പ്ലെയിസ്മെന്റ് സംബന്ധിച്ച് പറയുമ്പോൾ നിലവിൽ കോളേജിൽ പരിശോധിച്ചുകൊണ്ടിരിക്കുന്ന പ്ലെയിസ്മെന്റ് പ്രൊപോസൽ ഡയറക്ടറേറ്റിൽ എത്തിക്കാനുള്ള തീയതി നീട്ടണമെന്ന് അവശയപ്പെട്ടുകൊണ്ട് സംഘടന ബഹുമാനപെട്ട കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. തീയതി മാർച്ച് 31ലേക്ക് മാറ്റികൊണ്ടുള്ള ഉത്തരവ് തിങ്കളാഴ്ചയോടുകൂടി ഇറങ്ങുന്നതാണ്.

സമ്മേളന ഫണ്ട് കളക്ഷൻ മാർച്ച് 8,9,10 തീയതിയോടുകൂടി പൂർത്തീകരിക്കണമെന്നാണ് നമ്മൾ തീരുമാനിച്ചിരുന്നത്. അതിന്റെ പുരോഗതി ജില്ലാ സെക്രട്ടറിമാർ കൃത്യമായി റിപ്പോർട്ട് ചെയ്യണം. മേഖലാ റിപ്പോർട്ടിങ് നടത്തേണ്ട കാര്യങ്ങൾ യൂണിറ്റ് തലത്തിലും, ജില്ലാ തലത്തിലും മേഖല തലത്തിലും സമ്മേളന റിപ്പോർട്ട് ചർച്ച ചെയ്തു സമ്മേളനദിവസം അവതരിപ്പിക്കുന്ന രീതി ഇന്ന് തീരുമാനമെടുക്കണം. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി പ്രമേയ കമ്മിറ്റിയെ ഇന്ന് തന്നെ തീരുമാനിച്ചു പോണം. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ഇപ്രാവശ്യം ഒരു ദിവസം മാത്രമേ സമ്മേളനം ഉള്ളു. അതിനാൽത്തന്നെ സമ്മേളനത്തിന് മുൻപ് തന്നെ പ്രമേയ കമ്മിറ്റിയെ തീരുമാനിച്ചു പ്രമേയങ്ങൾ ചുമതലപ്പെടുത്തുന്ന ആൾക്ക്

നൽകിയാൽ മാത്രമേ സമ്മേളനത്തിന്റെ അന്ന് പ്രമേയങ്ങൾ അവതതരിപ്പിക്കാൻ സാധിക്കുകയുള്ളു. അതുപോലെ തന്നെ മാർച്ച് 27ന് എറണാകുളത്തു വച്ചാണ് യാത്രയയപ്പ് സമ്മേളനം നടത്താൻ തീരുമാനിച്ചിരിക്കുന്നത്. ഇതിന്റെ നടത്തിപ്പും കൃത്യമായി തീരുമാനിക്കണം. അതുപോലെതന്നെ സംസ്ഥാന സമ്മേളനം ജില്ലാ കേന്ദ്രങ്ങളിൽ ഓൺലൈൻ ആയി നടത്തുമ്പോൾ വേണ്ട സാങ്കേതിക തയ്യാറെടുപ്പുകളെ കുറിച്ചും ഇന്ന് ചർച്ച ചെയ്യണം. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിങിന് ശേഷം സംസ്ഥാന ട്രഷറർ 2020 വർഷത്തെ ഓഡിറ്റ് ചെയ്ത വരവ്-ചിലവ് കണക്ക് അവതരിപ്പിച്ചു. തുടർന്ന് ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിന്മേലും, ഓഡിറ്റ് ചെയ്ത കണക്കിന് മേലും വിശദമായ ചർച്ച നടന്നു. തുടർന്ന് ജില്ലാസെക്രട്ടറിമാർ ജില്ലാറിപ്പോർട്ടിംഗ് നടത്തി. ചർച്ചയിൽ എല്ലാ പ്രവർത്തകസമിതി അംഗങ്ങളും സജീവമായി പങ്കെടുത്തു. അതിനുശേഷം ജനറൽസെക്രട്ടറി മറുപടി നൽകി. ഇതിനെത്തുടർന്ന് താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.

**തീരുമാനങ്ങൾ**

1. സമ്മേളന ഫണ്ട് മാർച്ച് 15, 16, തീയതികളിൽ യൂണിറ്റുകളിൽ ഊർജിതമായി സ്ക്വാഡ് വർക് നടത്തി പിരിച്ചെടുക്കാൻ തീരുമാനിച്ചു.
2. സമ്മേളനറിപ്പോർട്ടും വരവ്-ചിലവ് കണക്കും സംസ്ഥാന പ്രവർത്തക സമിതി അംഗീകരിച്ചു.
3. മേഖലാറിപ്പോർട്ടിങ്ങിനായി ഓരോ മേഖലയിൽ നിന്നും ഇതിനായി ചുമതലപെടുത്തിയ അംഗം സമ്മേളനദിവസം തിരുവനന്തപുരത്ത് എത്തേണ്ടതാണ്. അതിനു മുന്നോടിയായി മാർച്ച് 16ന് മുൻപ് യൂണിറ്റ് റിപ്പോർട്ടിങ് പൂർത്തീകരിക്കുകയും, 17ന് ജില്ലാ തലത്തിൽ അത് ക്രോഡീകരിക്കുകയും, 18ന് വൈകുന്നേരത്തിനുള്ളിൽ മേഖലാ റിപ്പോർട്ടിങ്ങിനു അവശയമായ വിവരങ്ങൾ ഇതിനായി ചുമതലപ്പെടുത്തിയ വ്യക്തിക്ക് കൈമാറുകയും വേണം. ഇതുമായി അദ്ദേഹം സംസ്ഥാന സമ്മേളനത്തിൽ പങ്കെടുക്കണം.
4. പ്രമേയകമ്മിറ്റിയുടെ ചുമതല സംസ്ഥാന വൈസ്പ്രസിഡണ്ട്മാരായ ഇമ്പിച്ചികോയക്കും, ഡോ. രാജേഷ്കുമാറിനും നൽകി. ജില്ലാ സമ്മേളനം അംഗീകരിച്ച പ്രമേയങ്ങൾ ജില്ലാ സെക്രട്ടറിമാർ ഇമ്പിച്ചികോയക്ക് മാർച്ച് 16ന് മുൻപ് കൈമാറണം.
5. യാത്രയപ്പ് സമ്മേളനം എറണാകുളത്ത് വച്ച് നടക്കുന്ന സാഹചര്യത്തിൽ അതിന്റെ നടത്തിപ്പ് ചുമതല എറണാകുളം ജില്ലാ സെക്രട്ടറി ഡോ. എം.എസ്. മുരളിക്ക് നൽകി. സർവീസിൽ നിന്നും വിരമിക്കുന്ന നമ്മുടെ അംഗങ്ങളുടെ ഫോട്ടോ, ബയോഡേറ്റ എന്നിവ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിമാർ എത്രയും വേഗം ഡോ. എം.എസ് മുരളിക്ക് അയച്ചു നൽകേണ്ടതാണ്.
6. സംസ്ഥാന സമ്മേളനം ഓൺലൈൻ ആയി ജില്ലാ കേന്ദ്രങ്ങളിൽ നടത്തുന്നതിനാൽ, ജില്ലയിൽ ടെക്നിക്കൽ കമ്മിറ്റിയുടെ ചുമതലയുള്ള ആളെയും, ജില്ലാ സെക്രട്ടറിയേയും ഉൾപ്പെടുത്തി സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റിയുടെ ചുമതലയുള്ള ഡോ. വിഷ്ണു വി എസ് ഒരു വാട്ടസ്ആപ് ഗ്രൂപ്പ് തുടങ്ങേണ്ടതാണ്. ഇവർ തമ്മിൽ ഇതിലൂടെ നിരന്തര ആശയവിനിമയവും തയ്യാറെടുപ്പും നടത്തേണ്ടതാണ്.

യോഗം ഉച്ചക്ക് 12.30ന് അവസാനിച്ചു

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം — ഡോ. എൻ. മനോജ്

05-03-2021 — ജനറൽ സെക്രട്ടറി